ശ്രീ. എം. എ. വാഹിദ് : സർ, കേന്ദ്രാവിഷ്കൃത പദ്ധതികൾ പലതും ഇങ്ങനെയാണ്. തൊഴിലുറപ്പ് പദ്ധതിയിൽ വേതനം സംബന്ധിച്ച് രണ്ട് മാനദണ്ഡങ്ങളാണ് സ്വീകരിച്ചിട്ടുള്ളത്. ഒരു സ്റ്റേറ്റിനെ ഒരു യൂണിറ്റാക്കി കണ്ടുകൊണ്ടാണ് തൊഴിലുറപ്പ് പദ്ധതിയിൽ വേതനം തീരുമാനിച്ചിട്ടുള്ളത്. അതുപോലെ ബി.പി.എൽ. ലിസ്റ്റ് തയ്യാറാക്കുമ്പോൾ മാനദണ്ഡങ്ങൾ വയ്ക്കുന്നതിൽ ഓരോ സ്റ്റേറ്റിനെയും ഓരോ യൂണിറ്റാക്കി കണക്കാക്കിക്കൊണ്ട് മാനദണ്ഡങ്ങൾ തീരുമാനിക്കാൻ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുവാൻ ഈ സർക്കാരിന് കഴിയുമ്മോ? കാരണം ഇനി കുറച്ചുസമയമേ ഈ സർക്കാരിനുള്ള എന്നുള്ളതുകൊണ്ടാണ്.

ശ്രീ. പാലോളി മുഹമ്മദ് കുട്ടി : സർ, ഈ പറയുന്ന ന്യായമായിട്ടുള്ള മാനദണ്ഡങ്ങൾ മുഴുവൻ കേന്ദ്ര ഗവൺമെന്റിന് മുമ്പാകെ സംസ്ഥാന ഗവൺമെന്റ് കൊണ്ടുപോയതാണ്. പക്ഷേ അവർ കൂട്ടാക്കുന്നില്ല. ഇതാണ് സ്ഥിതി.

ശ്രീ. ആനത്തലവട്ടം ആനന്ദൻ : സർ, രാജ്യത്തെ മുഴുവൻ ജനങ്ങൾക്കും ബി.പി.എൽ. കാർഡ് അനുസരിച്ച് കിലോയ്ക്ക് രണ്ട് രൂപ വച്ച് മാസത്തിൽ 35 കിലോ അരികൊടുക്കാനുള്ള സംഖ്യ രണ്ട് ലക്ഷം കോടിരൂപയിൽ താഴെയാണ് വേണ്ടത്. ഇവിടെ ഒന്നേമുക്കാൽ ലക്ഷം കോടി രൂപ വേറെ തരത്തിൽ കുംഭകോണം നടത്തി സ്പെക്ട്രം.... ഇപ്പോൾ രണ്ട് ലക്ഷം കോടി രൂപ വന്നു. അതനുസരിച്ച് ഇന്ത്യയിലെ മുഴുവൻ ആളുകൾക്കും' ബി. പി.എൽ. കാർഡ് മാറ്റി എ.പി.എൽ. കാർഡ് കൊണ്ടുവന്നു. യു.പി.എ. ഗവൺമെന്റിന്റെ കാലാവധിയിൽ മുഴുവൻ കൊടുക്കാനുള്ള പൈസയുണ്ട്. ഇതിൽ നിന്ന് എടുത്ത് കൊടുക്കാനുള്ള ഒരു സംവിധാനം ഗവൺമെന്റ് ശിപാർശ ചെയ്യുമോ?

മി. സ്പീക്കർ : സംസ്ഥാന ഗവൺമെന്റിന് പറ്റില്ല.

ശ്രീ. പാലോളി മുഹമ്മദ് കുട്ടി : സർ, ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചത് നമ്മുടെ രാജ്യത്തിന്റെ സമ്പത്ത് പലവഴിക്കും ചോർന്നു പോകുന്നുണ്ട് അത് ന്യായമായിട്ടുള്ള രീതിയിൽ ചെലവഴിക്കണമെന്നാണ്. അത് നല്ല നിർദ്ദേശമാണ്.

മി. സ്പീക്കർ : ചോദ്യം നമ്പർ - 32

മദ്രസാ അദ്ധ്യാപകക്ഷേമനിധി

2(*32) ശ്രീ. യു. സി. രാമൻ :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്രസാ അദ്ധ്യാപകക്ഷേമനിധിയെ സംബന്ധിച്ചുള്ള ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) അദ്ധ്യാപകർക്കും മാനേജ്മെന്റിനും അധികഭാരം ഉണ്ടാക്കുന്ന ക്ഷേമ പദ്ധതിയുടെ അപ്രായോഗികതയെ സംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ;

(സി) പലിശരഹിത സംവിധാനം ഏർപ്പെടുത്തണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) തമിഴ്നാട്ടിൽ മദ്രസ അദ്ധ്യാപക അദ്ധ്യാപകേതര ജീവനക്കാർക്ക് മെച്ചപ്പെട്ട ആനുകൂല്യങ്ങൾ നൽകുന്ന പദ്ധതി രൂപപ്പെടുത്തി നടപ്പാക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ അത് പരിശോധിച്ച് ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്ത് പദ്ധതിയിൽ ആവശ്യമായ മാറ്റം വരുത്താൻ നടപടി സ്വീകരിക്കുമോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) : സർ,

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) ഉണ്ട്.

(ഡി) ഇല്ല.

(ഇ) ബാധകമല്ല.

ശ്രീ. യു. സി. രാമൻ : സർ, ഉത്തരം വളരെ ഈസിയാണ്. എന്റെ ചോദ്യം, കഴിഞ്ഞ ജനുവരിയിൽ കോഴിക്കോട് വച്ച് മുസ്ലീം സംഘടനാ നേതാക്കന്മാരുടെ യോഗം സർക്കാർ നേരിട്ട് വിളിച്ചുകൂട്ടുകയുണ്ടായി. ആ യോഗത്തിൽ ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയും അങ്ങുമൊക്കെ പങ്കെടുത്തിരുന്നു. അന്ന് മദ്രസാ അദ്ധ്യാപകന്മാരുടെ ക്ഷേമനിധിയുമായി ബന്ധപ്പെട്ട് എന്തെല്ലാം നിർദ്ദേശങ്ങളാണ് ഉയർന്നുവന്നത്; ആ നിർദ്ദേശങ്ങളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വെളിപ്പെടുത്താമോ?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി : മദ്രസാ അദ്ധ്യാപകന്മാർക്കുവേണ്ടി ക്ഷേമനിധി നടപ്പിലാക്കുന്നതുസംബന്ധിച്ച് മുസ്ലീം സംഘടനകളുടെ ഒരു യോഗം കോഴിക്കോട്ട് തന്നെ ഒരു കൊല്ലം മുമ്പ് വിളിച്ച് ചേർത്തിരുന്നു. ഇത് എങ്ങനെ നടപ്പിലാക്കണമെന്നതിനെ സംബന്ധിച്ച് ആ യോഗത്തിൽ അവരുടെ അഭിപ്രായങ്ങൾ ആരാഞ്ഞു. ചർച്ച ചെയ്തു തീരുമാനമായില്ല എന്ന് വന്നപ്പോൾ ആ സംഘടനകൾക്ക് അവരുടെ നിർദ്ദേശം ഗവൺമെന്റിലേയ്ക്ക് സമർപ്പിക്കുന്നതിനുവേണ്ടി അവസരം കൊടുത്തു. ഒരു കൊല്ലം ഗവൺമെന്റ് കാത്തിരുന്നതിനുശേഷവും ഒരു നിർദ്ദേശവും കിട്ടിയില്ല എന്ന് വന്നപ്പോഴാണ് ഗവൺമെന്റ് ആ യോഗത്തിൽ ഈ നടപടികളിലേയ്ക്ക് നീങ്ങിയത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. യു. സി. രാമൻ : സർ, മദ്രസാ അദ്ധ്യാപകരുടെ ക്ഷേമനിധിയുമായിട്ടാണെങ്കിലും വളരെ പ്രധാനപ്പെട്ടതാണ് മദ്രസയിലെ പാഠ്യപദ്ധതി പരിഷ്കരണവും അതോടൊപ്പം ഭൗതിക സാഹചര്യം മെച്ചപ്പെടുത്തലും. ഇതിന് കേന്ദ്ര സർക്കാർ നമുക്ക് യഥേഷ്ടം ഫണ്ട് അനുവദിക്കുന്നുമുണ്ട്. എന്നാൽ അതിനാവശ്യമായ പ്രൊപ്പോസൽ യഥാസമയം സമർപ്പിക്കുന്നതിനോ, അനുവദിച്ച തുക യഥാസമയം വിതരണം ചെയ്യുന്നതിനോ സാധിക്കാറില്ല. നേരത്തെ ഒരു സ്പെഷ്യൽ ആഫീസറെ നിയമിക്കാത്തതുകൊണ്ട് വളരെ നാളുകളോളം ആ ഫണ്ട് ചെലവഴിക്കാൻ കഴിയാതെ പോയ അവസ്ഥ നമ്മുടെ മുമ്പിലുള്ളതാണ്. എന്റെ ചോദ്യം, മദ്രസാ അദ്ധ്യാപകരുടെ പദ്ധതി ഇപ്പോൾ കൈകാര്യം ചെയ്യുന്ന വിദ്യാഭ്യാസ വകുപ്പ് പുതുതായി രൂപീകരിക്കാമെന്ന് പ്രഖ്യാപിച്ച ന്യൂനപക്ഷ ക്ഷേമ വകുപ്പുമായി യോജിച്ച് യഥാസമയം പ്രൊപ്പോസൽ സമർപ്പിക്കുന്നതിനും അനുവദിച്ച തുക അർഹരായവർക്ക് യഥാസമയം വിതരണം ചെയ്യുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി : സർ, പിന്നോക്ക വിഭാഗത്തിന്റെ പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ നിർദ്ദേശിക്കപ്പെട്ട കമ്മിറ്റിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ, ഇവിടെ ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചിട്ടുള്ളതുപോലെ, അവരുടെ വിദ്യാഭ്യാസസ്ഥാപനങ്ങളിലെ പുതിയ പ്രശ്നങ്ങൾ പരമാവധി പരിഹരിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇപ്പോൾ അതിന്റെ ഭാഗമായി 9 ജില്ലകളിൽ, പ്രത്യേകിച്ച് തീരദേശ മേഖലകളിൽ മുസ്ലീം ന്യൂനപക്ഷങ്ങളുടെ കുട്ടികൾ പഠിക്കുന്ന സ്കൂളുകളുടെ പശ്ചാത്തല സൗകര്യം മെച്ചപ്പെടുത്താനുള്ള ഒരു പദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. അത്തരത്തിൽ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ ഈ ഗവൺമെന്റ് സ്വീകരിച്ചു വരികയാണ്. കേന്ദ്ര ഗവൺമെന്റ് ഇഷ്ടംപോലെ പണം ഒഴുക്കുന്നുണ്ടെന്ന് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് തെറ്റിദ്ധരിച്ചിട്ടാണ്. ഇതൊക്കെ സംസ്ഥാന ഗവൺമെന്റിന്റെ പണമാണ്. കേന്ദ്രഗവൺമെന്റിന്റെ ഒരു നയം ഇതിൽ കിട്ടിയെന്നേയുള്ളൂ.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: സർ, മദ്രസാ അദ്ധ്യാപക ക്ഷേമനിധി പദ്ധതി മദ്രസ അദ്ധ്യാപകർക്ക് പ്രയോജനപ്രദമായ രീതിയിൽ നടപ്പാക്കണം. തമിഴ്നാട്ടിൽ ഇത് നന്നായി നടപ്പാക്കുന്നുണ്ട്. അവിടെ മദ്രസാ അദ്ധ്യാപക ക്ഷേമനിധി പലിശവിമുക്തമാണ്, അദ്ധ്യാപകരിൽനിന്നും മാനേജുമെന്റിൽനിന്നും പ്രീമിയം ഈടാക്കുന്നില്ല. 65 വയസ്സും അഞ്ചു വർഷത്തെ സേവനവും ഉള്ളവർക്ക് മാസം നാനൂറ് രൂപ പെൻഷൻ ലഭിക്കുന്നുണ്ട്. ഇതേ മാതൃകയിൽ കേരളത്തിൽ മദ്രസാ അദ്ധ്യാപക ക്ഷേമനിധി പദ്ധതി പുനഃക്രമീകരിക്കുമോ; തമിഴ്നാട്ടിലേതുപോലെ ഇത് നടപ്പാക്കാൻ ശ്രമിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പാലോളി മുഹമ്മദ് കുട്ടി: സർ, തമിഴ്നാട്ടിൽ മദ്രസ അദ്ധ്യാപകർക്ക് ഇത്തരത്തിൽ ഒരു പദ്ധതി നടപ്പാക്കിയിട്ടുണ്ട് എന്നത് ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് അതിനെക്കുറിച്ച് അറിയുന്നതിനുവേണ്ടി കഴിഞ്ഞ ഒരു ആഴ്ചയായി ശ്രമിക്കുകയാണ്. ഇതുവരെ കിട്ടിയിട്ടില്ല. അത് കിട്ടിക്കഴിഞ്ഞാൽ നല്ല മാതൃകയാണെങ്കിൽ പരിശോധിക്കാം. പക്ഷേ കേരളത്തിലെ എല്ലാ പെൻഷൻ പദ്ധതികളുടേയും മാതൃകയിൽ തന്നെയാണ് ഇതും ആരംഭിച്ചിട്ടുള്ളത്.

ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ്: സർ, നവീകരണത്തിനോ മദ്രസ അദ്ധ്യാപകരുടെ ക്ഷേമ പ്രവർത്തനങ്ങൾക്കോ കേന്ദ്ര ഗവൺമെന്റ് അനുവദിച്ച ഫണ്ടിൽനിന്ന് ഏതെങ്കിലും ഫണ്ട് ഉപയോഗിക്കാതെ തിരിച്ചു കൊടുക്കുകയോ ലാപ്സാകുകയോ ചെയ്തിട്ടുണ്ടോ; അങ്ങനെയുണ്ടെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി: സർ, മദ്രസ നവീകരണ പദ്ധതി ഉദ്ദേശിച്ചായിരിക്കും ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത് എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. കേന്ദ്ര ഗവൺമെന്റിന്റെ മാനദണ്ഡങ്ങൾ പാലിക്കാത്ത മദ്രസകളാണ് കേരളത്തിൽ നല്ലൊരു ഭാഗവും ഉള്ളത്. അവർക്ക് ആനുകൂല്യം കിട്ടാനുള്ള അർഹതയില്ല. അതുകൊണ്ടുതന്നെ അത്തരത്തിലുള്ള ഫണ്ട് ഇവിടെ ഉപയോഗിക്കുവാൻ സാധിച്ചിട്ടില്ല.

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി: സർ,കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ എന്റെ ഒരു ചോദ്യത്തിന് ഉത്തരമായി താങ്കൾ നല്കിയ മറുപടിയിൽ പറഞ്ഞത് ഇതുവരെ ക്ഷേമനിധിയിൽ അംഗങ്ങളായവരുടെ എണ്ണം അഞ്ഞൂറിൽ താഴെയാണെന്നാണ്. ഏറ്റവും കുറഞ്ഞ പങ്കാളിത്തമുള്ള ക്ഷേമനിധി ഇതാകുമെന്നാണ് കണക്കാക്കുന്നത്. ഇതിനെത്തുടർന്ന് ചില പരിഷ്കാരങ്ങൾ ഏർപ്പെടുത്തി എന്ന റിപ്പോർട്ടുണ്ടായിരുന്നു. അതിനെത്തുടർന്ന് ക്ഷേമനിധിയിൽ അംഗങ്ങളായവരുടെ എണ്ണത്തിൽ എന്തെങ്കിലും വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; എങ്കിൽ എത്രമാത്രം വർദ്ധനവ് ഉണ്ടായിട്ടുണ്ട്; ഇല്ല എങ്കിൽ ഈ പദ്ധതി കുറ്റമറ്റതാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി: സർ, ഈ ക്ഷേമ പദ്ധതി പ്രഖ്യാപിച്ചതോടുകൂടി ചില കേന്ദ്രങ്ങൾ വളരെ ബോധപൂർവ്വം അതിനെ തകർക്കുന്നതിനുവേണ്ടി സംഘടിതമായി നീങ്ങുകയാണ്. മദ്രസാ അദ്ധ്യാപകർക്ക് ക്ഷേമനിധിയിൽ അംഗങ്ങളാകണമെങ്കിൽ മദ്രസാ കമ്മിറ്റിയുടെ സർട്ടിഫിക്കറ്റ് വേണം. അത് കൊടുക്കുന്നില്ല എന്നുള്ള ഒരു അവസ്ഥ വന്നു. അങ്ങനെ വന്നപ്പോഴാണ് അതില്ലെങ്കിലും അവർക്ക് സ്വയം ഡിക്ലെയർ ചെയ്ത് അംഗങ്ങളാകാനുള്ള വ്യവസ്ഥ ഗവൺമെന്റ് ഏർപ്പെടുത്തിയത്. അതിന്റെ ഫലമായി ഇപ്പോൾ അംഗങ്ങളായി തുടങ്ങിയിട്ടുണ്ട്. എന്നാലും തൃപ്തികരമല്ല.

ശ്രീ. വി. ശശികുമാർ: സർ, രണ്ടു രൂപയുടെ അരി മദ്രസാ അദ്ധ്യാപകർക്ക് ലഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി: സർ, അതിന് പ്രത്യേകമായി ഉത്തരവിറക്കിയിട്ടുണ്ട്. ഈ പ്രവൃത്തിയിൽ ഏർപ്പെട്ടിട്ടുള്ള എല്ലാ അദ്ധ്യാപകർക്കും രണ്ടു രൂപയുടെ അരിക്കുള്ള ആനുകൂല്യം കിട്ടുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്.

ശ്രീ. എ. പി. അനിൽകുമാർ: സർ, മദ്രസാ അദ്ധ്യാപകരുടെ ക്ഷേമനിധിയുമായി ബന്ധപ്പെട്ട് കോഴിക്കോട് മുസ്ലീം സംഘടനകളുടെ യോഗം വിളിച്ചു ചേർത്തു, വേണ്ടത്ര പ്രതികരണമുണ്ടായില്ല എന്ന് അങ്ങ് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അതുപോലെതന്നെ ഇതിൽ അംഗസംഖ്യ വെറും അഞ്ഞൂറ് മാത്രമാണെന്ന് ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഈ ക്ഷേമനിധി ഗുണകരമാണെന്ന് വന്നു കഴിഞ്ഞാൽ പ്രയാസം അനുഭവിക്കുന്ന മദ്രസാ അദ്ധ്യാപകരിൽനിന്നും തീർച്ചയായും അനുകൂലമായ പ്രതികരണം ഉണ്ടാകും. അതോടൊപ്പംതന്നെ ഈ ക്ഷേമനിധിയിലേയ്ക്കുള്ള വിഹിതം മദ്രസകളിൽനിന്ന് ബാങ്കുകളിൽ അടയ്ക്കണമെന്നുണ്ടോ; അങ്ങനെ ബാങ്കുകളിൽ അടയ്ക്കുന്ന പലിശ ക്ഷേമനിധിയിൽ ഉപയോഗിക്കുന്ന സാഹചര്യമുണ്ടോ; അത്തരം സാഹചര്യങ്ങളൊക്കെയുണ്ടെങ്കിൽ ഈ ക്ഷേമനിധിയിൽ ആളുകൾ അംഗമായി ചേരുന്നതിന് വിഘാതമായി നില്ക്കും. അതുകൊണ്ട് പൂർണ്ണമായി കുറ്റമറ്റതാക്കിക്കൊണ്ട് ഈ വിഭാഗം ആളുകൾക്ക് ഗുണകരമാകുന്ന ഒരു ക്ഷേമനിധിയായി മാറ്റിയെടുക്കുവാൻ കഴിയുമോ?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി: സർ, മദ്രസാ അദ്ധ്യാപകർ ബാങ്കിൽ പണം അടയ്ക്കണ്ട കാര്യമില്ല. അവർ പണം അടയ്ക്കണ്ടത് പോസ്റ്റാഫീസിലാണ്. അത് ഗവൺമെന്റിലേയ്ക്ക് എടുക്കും. ഗവൺമെന്റിൽ നിക്ഷേപിക്കും. ട്രഷറിയിലടയ്ക്കും. ഗവൺമെന്റാണ് അവർക്ക് ഈ ആനുകൂല്യം നിശ്ചയിച്ച് കൊടുക്കുന്നത്. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചിട്ടുള്ളതുപോലെ ഇത്രയധികം അദ്ധ്യാപകരുണ്ടായിട്ടും വന്നിട്ടുള്ള അപേക്ഷ കുറവാണ്. അതാണ് ഞാൻ പറഞ്ഞത്, അവർക്ക് അതിൽ ചേരണമെന്നുണ്ടെങ്കിൽ മദ്രസ കമ്മിറ്റിയുടെ സർട്ടിഫിക്കറ്റ് വേണം. ആ സർട്ടിഫിക്കറ്റ് കൊടുക്കുന്നില്ല. കൊടുക്കുവാൻ പാടില്ലെന്നുള്ള തീരുമാനമെടുത്തു. അതിന്റെ അടിസ്ഥാനത്തിലാണ് ഇതിന്റെ വരവ് കുറഞ്ഞത്. അതിൽ മാറ്റം പ്രതീക്ഷിക്കുന്നു. മാറ്റം വന്നുകൊണ്ടിരിക്കുന്നു.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, സച്ചാർ കമ്മീഷന്റെ ശിപാർശകളുടെ വെളിച്ചത്തിൽ പാലോളി കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം ഇന്ത്യക്ക് ആകെ മാതൃകയായിട്ടുള്ള ഒരു ക്ഷേമ പദ്ധതിയായിട്ടാണ് ഇത് നടപ്പാക്കിയത്. പക്ഷേ പ്രായോഗികമായി അത് നടപ്പിലാക്കുമ്പോൾ ഉണ്ടാകുന്ന ചില പ്രശ്നങ്ങളാണ് ഇവിടെ ഉന്നയിക്കപ്പെട്ടത്. ഇത്തരത്തിൽ മദ്രസാ അദ്ധ്യാപകർക്ക് ഒരു ക്ഷേമ പദ്ധതി ഏർപ്പെടുത്തുമ്പോൾ, പലിശ പോലുള്ള

LIBRARY ARCHIVES Kerala Legislative Assembly

പ്രശ്നങ്ങൾ വരുമ്പോൾ സ്വാഭാവികമായും അതിന്റെ ഒരു എതിർ പ്രചാരണം ശക്തിയായി നടക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാന ഗവൺമെൻറ് ഈയിടെ പ്രഖ്യാപിച്ച പലിശ രഹിത ബാങ്കിംഗ് സംവിധാനത്തെക്കുറിച്ച് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറയുകയുണ്ടായി. ആ മാതൃകയിൽ ഈ മദ്രസാ അദ്ധ്യാപക ക്ഷേമനിധി പ്രാവർത്തികമാക്കുന്നതിനുവേണ്ടി ഗവൺമെന്റ് ശ്രമിക്കുമോ?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി : സർ, അദ്ധ്യാപകർ ബാങ്കിൽ പൈസ ഒടുക്കുന്നില്ല. ആ പലിശ അവർ അതിന്റെ അടിസ്ഥാനത്തിൽ പറ്റുന്നില്ല. ഗവൺമെന്റിലേയ്ക്കാണ് അവർ നിക്ഷേപിക്കുന്നത്. ഗവൺമെന്റാണ് അവർക്ക് പെൻഷനായി കൊടുക്കുന്നത്.

ശ്രീ. ടി. എൻ. പ്രതാപൻ: സർ, മദ്രസാ അദ്ധ്യാപകരുടെ ക്ഷേമനിധിയുമായി ബന്ധപ്പെട്ട പ്രമാദമായ ഒരു പ്രശ്നം, ഇത് സഹകരണ ബാങ്കിലാണ് നിക്ഷേപിക്കുന്നത് എന്നുള്ളതാണ്. യഥാർത്ഥത്തിൽ ഇതിന്റെ പലിശയുമായി ബന്ധപ്പെട്ടാണ് ആക്ഷേപം ഉണ്ടായിരിക്കുന്നത്. വിശുദ്ധ ഇസ്ലാമിന്റെ ഏറ്റവും പ്രധാന പ്രമാണങ്ങളിലൊന്ന് പലിശ ഹറാമാണ് എന്നുള്ളതാണ്. പലിശ രഹിത ബാങ്ക് നമ്മുടെ സംസ്ഥാനത്ത് യാഥാർത്ഥ്യമാകുവാൻ പോകുകയാണ്. മദ്രസാ അദ്ധ്യാപകരുടെ ക്ഷേമനിധിയുമായി ബന്ധപ്പെട്ട് അടയ്ക്കേണ്ട പൈസ പലിശരഹിത ബാങ്കായി വരുന്ന ഇസ്ലാമിക ബാങ്കിലേയ്ക്ക് മാറ്റുന്നതിനു വേണ്ടി നടപടി സ്വീകരിക്കുമോ; പ്രത്യേകിച്ചും പലിശ ഹറാമാണ് എന്നുള്ള കാര്യം അങ്ങേയ്ക്ക് അറിയാമല്ലോ?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി: പലിശരഹിത ബാങ്ക് ഇപ്പോൾ വന്നിട്ടില്ല. വന്നതിനുശേഷം നമുക്ക് ആലോചിക്കാവുന്നതാണ്.

ശ്രീ. പി. ടി. എ. റഹീം: സർ, മറ്റ് സംസ്ഥാനങ്ങളിലെ മദ്രസകളുമായി ബന്ധപ്പെടുത്തി കേരളത്തിലെ മദ്രസകളെ നമുക്ക് കാണാൻ സാധിക്കുകയില്ല. പശ്ചിമ ബംഗാളിൽ ഒരു വകുപ്പിന്റെ പേരതന്നെ മിനിസ്ട്രി ഓഫ് മൈനോരിറ്റി അഫയേഴ്സ് ആൻറ് മദ്രസാ എഡ്യൂക്കേഷൻ എന്നാണ്. ഇന്ത്യാ രാജ്യത്ത് ഒമ്പത് സംസ്ഥാനങ്ങളിൽ ഗവൺമെൻറ് കൺട്രോൾ ചെയ്യുന്ന മദ്രസ ബോർഡുകളുണ്ട്. അവിടെ പഠിച്ചു വരുന്ന കുട്ടികൾക്ക് പത്തുകഴിഞ്ഞാൽ ക്ലാസ് പാസ്സായാലേ സി.ബി.എസ്.ഇ.-യുടെ സർട്ടിഫിക്കറ്റ് കിട്ടൂ. അവിടെയുള്ള അദ്ധ്യാപകരേയും കേരളത്തിലെ അദ്ധ്യാപകരേയും തുലനം ചെയ്യുന്നത് ശരിയല്ല. ഇവിടെ അദ്ധ്യാപകർക്ക് കിട്ടുന്ന ശമ്പളം അഞ്ഞൂറ് രൂപ മുതൽ ആയിരത്തിയഞ്ഞൂറ് രൂപവരെയാണ്. ഇവർക്ക് ലഭിക്കുന്ന ഈ ആനുകൂല്യം ഇല്ലായ്മ ചെയ്യാൻവേണ്ടി സംഘടിതമായ ശ്രമങ്ങൾ നടക്കുന്നുണ്ട്. പലിശയെ സംബന്ധിച്ച് ഇവിടെ സൂചിപ്പിച്ചു. അങ്ങനെയാണെങ്കിൽ പലിശ കൈകാര്യം ചെയ്യുന്ന സഹകരണ ബാങ്കിൽനിന്ന് ലീഗുകാർ രാജി വയ്ക്കുമോ? ആവശ്യമില്ലാത്ത പ്രശ്നങ്ങളുണ്ടാക്കി പാവപ്പെട്ട ആളുകളെ കഷ്ടപ്പെടുത്താനുള്ള ശ്രമത്തിൽനിന്ന് അവരെ പിന്തിരിപ്പിക്കുവാൻ ഗവൺമെന്റ് ശ്രമിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പാലോളി മുഹമ്മദ് കുട്ടി: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞിട്ടുള്ള കാര്യം വളരെ ശ്രദ്ധേയമായിട്ടുള്ളതാണ്. അവർ പലിശ വാങ്ങി തെറ്റായ മാർഗ്ഗം സ്വീകരിക്കുന്നുണ്ടെങ്കിലും മദ്രസാ അദ്ധ്യാപകർ ആ വിധത്തിൽപ്പെടാൻ പാടില്ലെന്നുള്ള സദുദ്ദേശമാണ് പ്രകടിപ്പിച്ചത്. അതുകൊണ്ട് അതിൽ യാതൊരു തെറ്റുമില്ല.

ശ്രീ. പി. എം. എ. സലാം: സർ, കേരളത്തിൽ ഏതാണ്ട് ഒരു ലക്ഷത്തോളം മദ്രസാ അദ്ധ്യാപകരുണ്ടെന്നാണ് കണക്ക്. ഇതിൽ മുന്നൂറിൽ താഴെ പേരാണ് ഒന്നരക്കൊല്ലംകൊണ്ട് ഈ ക്ഷേമനിധിയിൽ രജിസ്റ്റർ ചെയ്തത്. എന്തുകൊണ്ടാണ് ഇത്രയും കുറഞ്ഞ പങ്കാളിത്തമുണ്ടായത് എന്ന് പരിശോധിക്കുവാനാണ് കോഴിക്കോട്ട് മുസ്ലീം സംഘടനയുടെ യോഗം വിളിച്ചു കൂട്ടിയത്. ഞാനും ആ യോഗത്തിൽ പങ്കെടുത്തിരുന്നു. അവിടെ പങ്കെടുത്ത എല്ലാ മുസ്ലീം സംഘടനകളും ഈ പദ്ധതിയുടെ നടത്തിപ്പിലുണ്ടാകുന്ന അപാകതകളും പലിശയുമായി ബന്ധപ്പെട്ട കാര്യങ്ങളിലെ അപാകതകളും പരിഹരിച്ച് മുന്നോട്ടു കൊണ്ടുപോകണമെന്നാണ് നിർദ്ദേശിച്ചത്. അതാണ് ബഹുമാനപ്പെട്ട മന്ത്രി ആ യോഗത്തിലെ നിർദ്ദേശങ്ങൾ ഇവിടെ പറഞ്ഞത്. 276-ഓ മറ്റോ ആളുകളായിരുന്നു രജിസ്റ്റർ ചെയ്തിട്ടുണ്ടായിരുന്നത്. ഒരു ലക്ഷത്തിൽ ഇത്ര കുറഞ്ഞ പ്രാതിനിധ്യം കിട്ടിയതുതന്നെ ഏതെങ്കിലും സംഘടനകൾ അതിനെ തടുത്തതുകൊണ്ടല്ല എന്നുള്ളത് വ്യക്തമാണ്. ഈ അപാകതകൾ പരിഹരിച്ച് മുന്നോട്ടു പോകുമെന്ന് ആ യോഗത്തിനുശേഷം ബഹുമാനപ്പെട്ട മന്ത്രി പത്രക്കാരോടും പറഞ്ഞതാണ്. എന്തായിരുന്നു അതിനുള്ള നിർദ്ദേശങ്ങൾ; ആ അപാകതകൾ പരിഹരിച്ചോ; ഇല്ലെങ്കിൽ അത് എന്നത്തേയ്ക്ക് പരിഹരിക്കാൻ കഴിയുമെന്നുള്ളത് വ്യക്തമാക്കാമോ?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി: സർ, ആദ്യം സർവ്വീസ് ബാങ്കിലാണ് അദ്ധ്യാപകരുടെ വിഹിതം അടയ്ക്കേണ്ടത് എന്നുള്ളതായിരുന്നു നമ്മൾ നിർദ്ദേശിച്ചിരുന്നത്. ചർച്ചയുടെ അടിസ്ഥാനത്തിൽ അതുമാറ്റി പോസ്റ്റോഫീസ് വഴി ഗവൺമെന്റിലേയ്ക്ക് നിക്ഷേപിക്കുവാൻ പറഞ്ഞു. ഗവൺമെന്റിന്റെ നിക്ഷേപമായി ആ പദ്ധതി നടപ്പാക്കുവാൻ തീരുമാനിച്ചു. ഇതാണ് മാറ്റം. അതിന്റെ ഭാഗമായി ആദ്യത്തെ സ്ഥിതി മാറിയിട്ടുണ്ട്. കുറേയധികം അപേക്ഷകൾ വന്നുകൊണ്ടിരിക്കുന്നുണ്ട്.

മി. സ്പീക്കർ: ചോദ്യം നമ്പർ-33

ട്രാഫിക് വിഭാഗത്തിന്റെ പ്രവർത്തനം

3(*33) ശ്രീ. ബാബു എം. പാലിശ്ശേരി:
ശ്രീ. അൽഫോൺസ് കണ്ണന്താനം:
ശ്രീ. എം. ഹംസ:
ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് വകുപ്പിൽ ട്രാഫിക് വിഭാഗത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;